"ഭരണഭാഷ - മാതൃഭാഷ"

# കേരള സർക്കാർ
## ധനകാര്യ (വ്യയം - ബി) വകുപ്പ്

നം.103/2021/ധന

തിരുവനന്തപുരം തീയതി : 02.11.2021

### സർക്കുലർ

വിഷയം:- ഇ-ഗവേർണൻസ്- വെഹിക്കിൾ മാനേജ്മെന്റ് സിസ്റ്റം (VEELS) വാഹന സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന :- 1. 11/11/2019-ലെ പരിപത്രം നം. 88/2019/ധന
2. 21/11/2019- ലെ പരിപത്രം നം. 91/2019/ധന
3. 07/01/2020 -ലെ പരിപത്രം നം. 3/2020/ധന
4. 22/10/2020-ലെ പരിപത്രം നം. 59/2020/ധന

സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ വീൽസ് ഡാറ്റാബേസിൽ *(www.veels.kerala.gov.in)* ലഭ്യമാക്കുവാൻ സൂചന പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ സൂചന പ്രകാരമുള്ള പരിപത്രങ്ങൾ പ്രകാരം നിരവധി തവണ നിർദ്ദേശം നൽകിയിട്ടും പല വകുപ്പുകളും സ്ഥാപനങ്ങളും ഇനിയും വിവരങ്ങൾ *www.veels.kerala.gov.in* -ൽ ലഭ്യമാക്കിയിട്ടില്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വിവിധ വകുപ്പുകളും സ്ഥാപനങ്ങളും അലംഭാവം കാണിക്കുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നു. ആയതിനാൽ ഇത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന തുടർ നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

1 ഇനിയും VEELS data base-ൽ വാഹനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്താനുള്ള വകുപ്പുകളും സ്ഥാപനങ്ങളും പ്രസ്തുത വിവരങ്ങൾ 30.11.2021-നു മുൻപായി ഉൾപ്പെടുത്തേണ്ടതാണ്.
2 മേലിൽ VEELS-ൽ വിവരങ്ങൾ ചേർക്കാത്ത വാഹനങ്ങളും ഡ്രൈവർമാരുമായും ബന്ധപ്പെട്ട യാതൊരുവിധ ചെലവുകളും അംഗീകരിക്കുന്നതല്ല.
3 എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും തങ്ങളുടെ നിയന്ത്രണത്തിലുള്ള വാഹനങ്ങളുടെ വിവരങ്ങൾ പൂർണ്ണമായും VEELS-ൽ രേഖപ്പെടുത്തി കഴിഞ്ഞു

എന്ന് കാണിക്കുന്ന 'completion certificate' 31.12.2021-ന് മുൻപായി ധനകാര്യ വകുപ്പിൽ സമർപ്പിക്കേണ്ടതാണ്.

4 എല്ലാ വകുപ്പുകളിലും ഒരു നോഡൽ ഓഫീസർ ഉണ്ടായിരിക്കേണ്ടതാണ്. നോഡൽ ഓഫീസർക്ക് വകുപ്പിലെ എല്ലാ ഓഫീസുകളിലേയും വാഹനങ്ങൾ, ഡ്രൈവർമാർ, മറ്റ് ചിലവുകൾ സംബന്ധിച്ച എല്ലാ വിശദാംശവും ലോഗിൻ ചെയ്ത് കാണാവുന്നതാണ്. ഇത് പരിശോധിച്ച Controlling Officer-മാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

5 വാഹനങ്ങൾ അനുവദിച്ചിട്ടുള്ള ഓഫീസുകളിൽ Controlling Officer ഉണ്ടായിരിക്കണം. വാഹനസംബന്ധമായ വിവരങ്ങൾ VEELS Portal-ൽ ഉൾപ്പെടുത്തുന്നത് Controlling Officer-ടെ ലോഗിനിൽ കൂടിയാണ്.

6 ഒന്നിൽ കൂടുതൽ ഓഫീസുകളുടെ Controlling Officers ഒരേ വ്യക്തിയായിരിക്കുന്ന സാഹചര്യത്തിൽ അവരെ Charge Officer ആയി നോഡൽ ഓഫീസർ മാറ്റേണ്ടതാണ്.

7 Unknown വിഭാഗത്തിൽ അതത് വകുപ്പുകളിലെ വാഹനങ്ങൾ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പുവരുത്തുക. ഈ വിഭാഗത്തിൽ അതതു വകുപ്പിന്റെ പേരിൽ കാണപ്പെടുന്ന വാഹനങ്ങൾ ഒഴിവാക്കേണ്ടവ ആണെങ്കിൽ ആ വിവരം *info.veels@kerala.gov.in* എന്ന ഇ-മെയിൽ വിലാസത്തിലോ 1800-425-1857 എന്ന ടോൾ ഫ്രീ നമ്പറിലോ അറിയിക്കാവുന്നതാണ്.

8 വാഹനങ്ങളുടെ ചെലവുകൾ സംബന്ധിച്ച വിവരങ്ങൾ കൃത്യസമയത്ത് തന്നെ VEELS-ൽ ഉൾപ്പെടുത്തുക. 2020 ഏപ്രിൽ മുതലുള്ള ചെലവുകളുടെ എല്ലാ വിവരങ്ങളും (Fuel Expense, Spares, Service, Repair, Monthly Abstract ഉൾപ്പെടെ) Controlling Officers ഉൾപ്പെടുത്തി എന്ന് നോഡൽ ഓഫീസർമാർ ഉറപ്പു വരുത്തുക.

9 ഡ്രൈവർമാരെയും വാഹനം പ്രത്യേകമായി അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥരെയും വാഹനവിവരവുമായി അടിയന്തരമായി ലിങ്ക് ചെയ്യേണ്ടതാണ്.

10 ഡ്രൈവർമാരുടെ അനുവദിച്ച തസ്തിക, നിലവിലുള്ള വിവിധവിഭാഗം ഡ്രൈവർമാരുടെ എണ്ണം, ഓഫീസ് സ്ഥിതിചെയ്യുന്ന ജില്ല ഇവ പരിശോധിച്ച കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

11 Nodal Officers, Controlling Officers, Charge Officers ഇവരുടെ dash board-ൽ അപ്ഡേറ്റ് ചെയ്ത വിവരങ്ങളുടെ സംക്ഷിപ്തം ലഭ്യമാണ്.

12 ദിവസവേതന/കരാർ ജീവനക്കാർ ഉൾപ്പെടെ ഡ്രൈവർമാർക്ക് വേതനം അനുവദിക്കുന്നതിന് മുമ്പ് അവർ ഉപയോഗിച്ചുവരുന്ന വാഹനത്തെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും VEELS-ൽ ഉൾപ്പെടുത്തി എന്ന് Controlling Officers ഉറപ്പുവരുത്തേണ്ടതാണ്. കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്കും payment നൽകുന്നതിന് മുമ്പ് ഇത് സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും വീൽസിൽ ഉൾപ്പെടുത്തി എന്നു ഉറപ്പുവരുത്തേണ്ടതാണ്.

13 Expiry Alert-ൽ RC, ഡ്രൈവിങ് ലൈസൻസ്, Pollution, മൈലേജ് ടെസ്റ്റ് ഇവയുടെ expiry സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാണ്. ഇതിൽ തുടർ നടപടി കൃത്യമായി സ്വീകരിക്കുക.

14 വാഹനത്തെ സംബന്ധിച്ച് സർക്കാരുമായി നടത്തുന്ന എല്ലാ കത്തിടപാടുകളിലും വാഹനത്തിനു വീൽസിൽ ലഭിച്ച vindex നമ്പർ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

**രാജേഷ് കുമാർ സിംഗ്, ഐ. എ. എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II) കേരള, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം
എല്ലാ വകുപ്പ് തലവൻമാർക്കും
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി, എറണാകുളം
രജിസ്ട്രാർ, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാണിക്കര
രജിസ്ട്രാർ, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസ് യൂണിവേഴ്സിറ്റി, തൃശ്ശൂർ
രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി, എറണാകുളം
രജിസ്ട്രാർ, മലയാളം യൂണിവേഴ്സിറ്റി, തിരൂർ, മലപ്പുറം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഗവൺമെന്റ് കമ്പനികൾ/ബോർഡ്/കോർപ്പറേഷനുകൾ/സ്വയം ഭരണ- സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിംഗ് ഡയറക്ടർമാർ/ജനറൽ മാനേജർമാർ
ജില്ലാ ട്രഷറികളും, സബ് ട്രഷറികളും
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ധനകാര്യ (അക്കൗണ്ട്സ് എ, ബി, സാങ്കേതികേതര പരിശോധന) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യം *(www.finance.kerala.gov.in)*
ഓഫീസ് പകർപ്പ്/ സൂക്ഷിപ്പ് ഫയൽ (JDITSF/27/2019-FIN-E 1339818)

**ഉത്തരവിൻ പ്രകാരം**

Amya gladis. K.L

**മാനേജർ (ഐ.റ്റി.എസ്.എഫ്)**